**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5923 — 19.11.2019-ലെ മറുപടിയ്ക്ക്

## ബാസ്കറ്റ്ബോൾ പരിശീലനത്തിനുള്ള ഹൂപ്പ്സ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ബാസ്കറ്റ്ബോൾ പരിശീലിപ്പിക്കുവാൻ കായിക വകുപ്പ് തുടങ്ങുന്ന ഹൂപ്പ്സ് പദ്ധതി പ്രകാരം പരിശീലന കേന്ദ്രത്തിൽ ഏതൊക്കെ തരത്തിലുള്ള ക്രമീകരണങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | ബാസ്കറ്റ്ബോൾ പരിശീലനത്തിനായി കായികയുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന ഹൂപ്സ് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിൽ ബാസ്കറ്റ്ബോൾ കോർട്ട്, ബോർഡ് എന്നിവയും ആവശ്യമുള്ള കേന്ദ്രങ്ങളിൽ കോർട്ട് ഫെൻസിംഗുമാണ് ഒരുക്കുന്നത്. |
| (ബി) | എത്ര കുട്ടികളെയാണ് പ്രസ്തുത കേന്ദ്രത്തിൽ തെരഞ്ഞെടുക്കുന്നത്; ആരെയാണ് തെരഞ്ഞെടുക്കുന്നതിന് ചുമതലപ്പെടുത്തുന്നത്; വ്യക്തമാക്കാമോ; | (ബി) | ഒരു കേന്ദ്രത്തിൽ 120 കുട്ടികൾക്കാണ് പരിശീലനം നൽകാൻ ലക്ഷ്യമിടുന്നത്. കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിൻഡർ സ്പോർട്സ് എൽ.എൽ.പി എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | നെയ്യാറ്റിൻകര മണ്ഡലത്തിലെ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (സി) | നെയ്യാറ്റിൻകര മണ്ഡലത്തിലെ പരിശീലന കേന്ദ്രമായ നെല്ലിമൂട് സെന്റ് ക്രിസോസ്റ്റോംസ് ജി.എച്ച്.എസ്.ലേക്കുള്ള വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രത്തിലെ പരിശീലനം ആരംഭിക്കുന്നതായിരിക്കും. |
| (ഡി) | ഒരോ കേന്ദ്രത്തിലും പദ്ധതിയ്ക്ക് വരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; ആരുവഴിയാണ് | (ഡി) | സംസ്ഥാനത്തെ 10 കേന്ദ്രങ്ങളിലായി പദ്ധതി നടപ്പിലാക്കുന്നതിന് 23,45,000/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർവ്വഹണ |

| | | | |
|---|---|---|---|
| | പ്രസ്തുത തുക ചെലവഴിക്കുന്നത് എന്ന് വിശദമാക്കാമോ? | | ഏജൻസിയായ കിൻഡർ സ്പോർട്സ് എൽ.എൽ.പി എന്ന സ്ഥാപനത്തിനാണ് പദ്ധതി നിർവ്വഹണത്തിനായി തുക അനുവദിക്കുന്നത്. ഓരോ കേന്ദ്രത്തിലും പദ്ധതി നടപ്പിലാക്കുന്നതിനായി ഏകദേശം 2,34,500/- രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**